കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

കേരള സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂടുകൾ

# കുട്ടികൾക്കുള്ള ചർച്ചാക്കുറിപ്പ്



സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# കേരള സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂടുകൾ
# കുട്ടികൾക്കുള്ള ചർച്ചാക്കുറിപ്പ്

കേരളസർക്കാർ
**പൊതുവിദ്യാഭ്യാസവകുപ്പ്**

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
**2022**



# സന്ദേശം

കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി നവീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിന് വിപുലമായ ജനകീയ ചർച്ചകളാണ് പൊതുവിദ്യാഭ്യാസവകുപ്പ് ആഗ്രഹിക്കുന്നത്. ഈ ചർച്ചകളിൽ സ്കൂൾ പാഠ്യപദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളായ വിദ്യാർഥികളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിന് അടിസ്ഥാനമാകേണ്ട നിലപാട് രേഖകൾ തയാറാക്കുകയാണ് പാഠപുസ്തകരൂപീകരണത്തിന്റെ ആദ്യപ്രവർത്തനം. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന സാമൂഹിക ഉത്തരവാദിത്വം കേരളം ഏറ്റെടുക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ചർച്ചകൾക്ക് വേദിയാകേണ്ടത് സ്കൂളുകളാണ്. പാഠ്യപദ്ധതി പരിഷ്കരണത്തെ സംബന്ധിച്ച ചർച്ചകളിൽ പങ്കെടുക്കാൻ എല്ലാ ക്ലാസുകളിലെയും കുട്ടികൾക്കും അവസരമൊരുങ്ങുകയാണ്. അതിന് സഹായകമായ കുറിപ്പുകളാണ് ഈ ലഘുപുസ്തകത്തിലുള്ളത്. ഇത് വായിച്ച് ചർച്ചകൾ നടക്കുമ്പോൾ അഭിപ്രായങ്ങൾ പറയണം. ഇതോടൊപ്പം വിദ്യാഭ്യാസമേഖലയെ സംബന്ധിച്ച സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളും ജനകീയചർച്ചയുടെ ഭാഗമായി ക്ലാസ്തലചർച്ച നടക്കുമ്പോൾ ഉണ്ടാകണം. കുട്ടികളുടെ ക്രിയാത്മകമായ നിർദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള പരിഷ്കരണമാണ് ആഗ്രഹിക്കുന്നത്.

സ്നേഹപൂർവം,

**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും
തൊഴിലും വകുപ്പ് മന്ത്രി

പ്രിയപ്പെട്ട കുട്ടികളേ,

നിങ്ങളുടെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ പോകുകയാണ്. ഇതിനുള്ള പ്രാരംഭപ്രവർത്തനങ്ങളുടെ ഭാഗമായി പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്. പുസ്തകത്തിന്റെ കാഴ്ച്ചപ്പാട്, സമീപനം, ഉള്ളടക്കം എന്നിവ ആനുകാലികമാക്കണം. ആധുനിക ശാസ്ത്രസാങ്കേതികവിദ്യകൾകൂടി ഉൾക്കൊണ്ട പഠനരീതിയും പരീക്ഷാരീതിയും നിശ്ചയിക്കേണ്ടതുണ്ട്. ഇതെല്ലാം ഉൾക്കൊള്ളുന്ന രേഖയാണ് പാഠ്യപദ്ധതി.

ഒന്നര പതിറ്റാണ്ടിനുശേഷമാണ് സംസ്ഥാനത്ത് സമഗ്രമായ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നത്. ഇതോടെ കേരളം ഒരിക്കൽകൂടി ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാകും. പാഠ്യപദ്ധതി രൂപീകരണത്തിൽ പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങൾ സമാഹരിക്കലാണ് ഇതിനടിസ്ഥാനമാവുന്നത്.

ഇത്തവണത്തെ പരിഷ്കരണത്തിലെ പ്രധാനപ്രത്യേകത പാഠ്യപദ്ധതി രൂപീകരണത്തിൽ കുട്ടികളുടെ പങ്കാളിത്തമാണ്. പാഠ്യപദ്ധതി രൂപീകരിക്കുന്നത് പ്രധാനമായും പഠിതാക്കൾക്ക് വേണ്ടിയാണ്. നിങ്ങൾക്ക് അതിൽ പങ്കെടുക്കുന്നതിനുള്ള അവസരമാണ് കേരളമൊരുക്കുന്നത്.

ഇതിന്റെ ഭാഗമായി നടക്കുന്ന ക്ലാസ്തല ചർച്ചകളിൽ എല്ലാ കുട്ടികൾക്കും ആവശ്യങ്ങളും അഭിപ്രായങ്ങളും നിരീക്ഷണങ്ങളും പങ്കുവയ്ക്കാൻ കഴിയും. എല്ലാ ക്ലാസുകളിലും ഇത് സംബന്ധിച്ച ചർച്ചനടക്കും. ആ ചർച്ചയിൽ പങ്കെടുക്കുന്നതിന് നിങ്ങളെ സഹായിക്കുന്നതിനാണ് ഈ ലഘു പുസ്തകം. ചർച്ചയ്ക്ക് സഹായകമായ ചില സൂചകങ്ങൾ ഇതിലുണ്ട്. ചോദ്യങ്ങൾക്ക് ഉത്തരംപറയുകയെന്ന രീതിയല്ല വേണ്ടത്. മറിച്ച് ആ ചോദ്യങ്ങളും അതുമായി ബന്ധപ്പെട്ട് നിങ്ങളുടെ ഉള്ളിൽ രൂപപ്പെടുന്ന ചോദ്യങ്ങളും ചേർത്തുവായിക്കുക. തുടർന്ന് അതുസംബന്ധിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

ഈ ചരിത്രപരമായ പ്രവർത്തനത്തിൽ പങ്കാളികളാകാൻ കഴിയുന്ന മുഴുവൻ കുട്ടികളെയും അഭിനന്ദിക്കുന്നു.

വിശ്വസ്തതയോടെ,

**എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.**
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

പ്രിയപ്പെട്ട കുട്ടികളേ,

കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി, കാലത്തിനനുസരിച്ച് പരിഷ്കരിക്കുകയാണ്. നമ്മുടെ നാട്ടിലെ എല്ലാ ജനവിഭാഗങ്ങളുടെയും അഭിപ്രായങ്ങളും താത്പര്യങ്ങളും പരിഗണിച്ചായിരിക്കണം പാഠ്യപദ്ധതിയും തുടർന്ന് പാഠപുസ്തകങ്ങളും രൂപീകരിക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തിലും പഠനരീതിയിലും മാറ്റങ്ങൾ വരുത്തിക്കൊണ്ടും അറിവിന്റെ വ്യത്യസ്ത മേഖലകളിലുണ്ടായ വളർച്ചയും വികാസവും ഉൾക്കൊണ്ടുമാണ് പുതിയ പാഠ്യപദ്ധതി തയാറാക്കുക. വിദ്യാർഥികളായ നിങ്ങൾക്കും പാഠ്യപദ്ധതി പരിഷ്കരണത്തിൽ സവിശേഷമായ പങ്കുവഹിക്കാൻ കഴിയും. നിങ്ങൾ പഠിക്കുന്ന പാഠപുസ്തകം എങ്ങനെയാകണം? ഇപ്പോഴുള്ള രൂപത്തിൽ നിന്ന് പാഠപുസ്തകങ്ങൾക്ക് രൂപമാറ്റം വരുത്തേണ്ടതുണ്ടോ? നിങ്ങൾക്ക് അഭിപ്രായങ്ങൾ അറിയിക്കാം. പഠനത്തിന്റെയും പഠിപ്പിക്കുന്ന രീതിയുടെയും കാര്യത്തിൽ ഏതെല്ലാം തരത്തിൽ മാറ്റങ്ങളുണ്ടാകണമെന്നും ക്ലാസ് മുറിയെ കൂടുതൽ സജീവമാക്കുന്നതിന് സാങ്കേതികവിദ്യയെ എങ്ങനെയെല്ലാം ഉപയോഗിക്കണമെന്നും, വിദ്യാർഥികളുടെ വ്യക്തിപരവും വൈകാരികവുമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് പാഠ്യപദ്ധതിയും പാഠപുസ്തകവും അധ്യാപകരും എങ്ങനെയൊക്കെ മാറണമെന്നും നിർദേശിക്കണം. എഴുത്തുപരീക്ഷകളും അതിനായുള്ള തയാറെടുപ്പുകളും നിങ്ങൾക്ക് ഏതുതരത്തിൽ അനുഭവപ്പെടുന്നുവെന്നും പുതിയകാലത്തെ പരീക്ഷകൾ എങ്ങനെയാകണമെന്നുമൊക്കെയുള്ള നിങ്ങളുടെ അഭിപ്രായം അവതരിപ്പിക്കണം. ആത്മവിശ്വാസത്തോടെ പഠനപ്രക്രിയയിൽ ഏർപ്പെടാനും നിങ്ങളുടെ ശേഷികളെ നിരന്തരം നവീകരിക്കാനും മുന്നേറാനും പാഠ്യപദ്ധതി പരിഷ്കരണത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമായ സൂചനകൾ ഈ കൈപുസ്തകത്തിലുണ്ട്. ഇത് വായിച്ച് നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദേശങ്ങളും രേഖപ്പെടുത്തി, കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണ പ്രക്രിയയിൽ പങ്കാളികളാകണമെന്ന് അറിയിക്കുന്നു.

സ്നേഹത്തോടെ,

**ജീവൻ ബാബു കെ. ഐ.എ.എസ്.**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പ്രിയമുള്ള കുട്ടികളേ,

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് മതിയായ പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിൽ കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ ഒരു പരിധിവരെ മികവുറ്റതാക്കി മാറ്റുവാൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയെ പാഠ്യപദ്ധതി വിനിമയത്തിന് ഫലപ്രദമായി ഉപയോഗിക്കുവാൻ നമ്മുടെ ക്ലാസ്മുറികൾ സജ്ജമാണ്. ഓരോ കുട്ടിയുടെയും അഭിരുചിയും വ്യത്യസ്തതയും തിരിച്ചറിഞ്ഞ് "നീതിയിലധിഷ്ഠിതമായ ഗുണമേന്മാ വിദ്യാഭ്യാസം" ഉറപ്പാക്കുകയെന്ന പുരോഗമനപരമായ കാഴ്ചപ്പാട് ഉയർത്തി സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിലേക്ക് കേരളം കടക്കുകയാണ്. അറിവിന്റെ നാനാമേഖലകളിൽ ദ്രുതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വളർച്ചയെയും വികാസത്തെയും പരിഗണിക്കുന്നതായിരിക്കും പുതിയ പാഠ്യപദ്ധതി. പുതിയ പാഠ്യപദ്ധതി പരിഷ്കരണ പ്രക്രിയയിലും കേരളം ജനാധിപത്യപരവും പുരോഗമനപരവുമായ നിലപാടാണ് സ്വീകരിക്കുന്നത്. പാഠ്യപദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളായ കുട്ടികളുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും സജീവമായ പങ്കാളിത്തം ഉറപ്പാക്കിയുള്ള പരിഷ്കരണമാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിലേക്ക് എല്ലാ കുട്ടികൾക്കും തങ്ങളുടെ പാഠപുസ്തകവും ക്ലാസ്റൂം അനുഭവങ്ങളും എപ്രകാരം ആകണമെന്ന് സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുകയാണ്. എല്ലാ സ്കൂളുകളിലും നിശ്ചയിക്കുന്ന ഒരു ദിവസം ഒരു പീരിയഡ് കുട്ടികളുടെ ചർച്ചകൾക്കായി മാറ്റിവയ്ക്കുകയാണ്. നിങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും രേഖപ്പെടുത്തുന്നതിന് സഹായകരമായ ഒരു കൈപ്പുസ്തകമാണിത്. ഇതിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ വായിച്ചു മനസ്സിലാക്കി ഓരോരുത്തരും തന്റെ അനുഭവങ്ങളും പ്രതീക്ഷകളും പങ്കുവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. കേരളം

## 1. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം

സ്കൂൾ പ്രായത്തിലുള്ള ബഹുഭൂരിപക്ഷം കുട്ടികളെയും സ്കൂളിൽ പ്രവേശിപ്പിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് നമ്മുടേത്. സ്കൂളിലെ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനു കൂടിയാണ് പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നത്. ചുറ്റുപാടും വികസിച്ചുവരുന്ന അറിവിനെ തിരിച്ചറിയാനും വിശകലനം ചെയ്യാനും കുട്ടികൾക്ക് കഴിയണം. ലഭ്യമായ അറിവുകൾ ഉപയോഗപ്പെടുത്തി പുതിയ അറിവ് നിർമിക്കാനുള്ള കഴിവ് എല്ലാ കുട്ടികൾക്കും ഉണ്ടാവണം. അപ്പോഴാണ് ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാകുന്നത്. ഇതിനായി സ്കൂളിലെത്തുന്ന എല്ലാവർക്കും മികച്ച പഠനാനുഭവങ്ങൾ ഒരുക്കേണ്ടതുണ്ട്. മതേതരത്വം, ജനാധിപത്യം, മാനവിക ബോധം, സമഭാവന, അനുതാപം, എല്ലാവരെയും ഉൾക്കൊള്ളാനുള്ള സന്നദ്ധത എന്നിവ നമ്മുടെ പഠനത്തിന്റെ അടിസ്ഥാന ആശയങ്ങളാണ്.

എല്ലാ കുട്ടികൾക്കും സ്വതന്ത്രമായും നിർഭയമായും ക്ലാസ്റൂം പ്രവർത്തനങ്ങളിൽ ഇടപെടാനും മികച്ച പഠനാനുഭവങ്ങൾ ലഭ്യമാകാനും അവകാശമുണ്ട്. വ്യത്യസ്തതരം പിന്നാക്കാവസ്ഥ അനുഭവപ്പെടുന്ന കൂട്ടുകാരെയുംകൂടി ഉൾപ്പെടുത്തി മുന്നേറുമ്പോഴാണ് നമ്മുടെ പഠനം അർഥവത്താകുന്നത്. മികച്ച വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിൽ കൂട്ടുചേർന്നുള്ള പഠനത്തിന് പ്രധാന പങ്കുണ്ട്. ക്ലാസ്മുറിയിൽ സംഘംചേർന്നുള്ള പഠനപ്രവർത്തനത്തിന് വേണ്ടത്ര അവസരം ലഭിക്കാറുണ്ടോ? അങ്ങനെ ലഭിക്കുന്ന അവസരത്തിൽ എല്ലാ കൂട്ടുകാരെയും ഒന്നിച്ചുകൊണ്ടുപോകാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ?

## 2. എല്ലാവർക്കും മികച്ച വിദ്യാഭ്യാസം ലഭിക്കണം

ഓരോരുത്തർക്കുമുള്ള സവിശേഷമായ കഴിവുകൾ കണ്ടെത്താനും അതിനെ പ്രോത്സാഹിപ്പിക്കാനും കഴിയണം. നമ്മുടെ ക്ലാസിലെ കുട്ടികളുടെ കഴിവും



താൽപ്പര്യവും വ്യത്യസ്തമാണല്ലോ. ഈ വ്യത്യസ്തതയെ അംഗീകരിച്ചുകൊണ്ട് അവർക്ക് വളരാനും വികസിക്കാനുമുള്ള അവസരം വിദ്യാഭ്യാസത്തിലൂടെ ഒരുക്കേണ്ടതുണ്ട്. അതിന് ഇന്ന് ലഭിക്കുന്ന അവസരങ്ങൾ മതിയാകുമോ? ക്ലാസ്/ സ്കൂൾ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റംവരുത്തി ഈ അവസരമൊരുക്കാൻ കഴിയും?



പ്രീപ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണമാണ് ഇപ്പോൾ നടക്കുന്നത്. ഇപ്പോൾ നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന ക്ലാസിനെ അടിസ്ഥാനമാക്കി ചർച്ചയിൽ പങ്കെടുക്കാം. നിങ്ങൾ കടന്നുവന്ന ക്ലാസുകളിലെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയും തുടർന്നു പഠിക്കാനുള്ളതിനെക്കുറിച്ചും നിങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും സത്യസന്ധമായി പങ്കുവയ്ക്കാനുള്ള അവസരമാണിത്.

പ്രീസ്കൂൾ മുതൽ പഠിച്ച കാലയളവിൽ നിങ്ങൾക്ക് സ്കൂളിൽനിന്ന് ലഭിച്ച ഇഷ്ടപ്പെടാത്ത സാഹചര്യങ്ങൾ ഏതൊക്കെ? അതിനുപകരമായി എന്ത് സാഹചര്യമാണ് പ്രതീക്ഷിക്കുന്നത്?

എല്ലാ കുട്ടികൾക്കും ഇഷ്ടപ്പെടുന്ന മേഖലയിൽ പഠിച്ചുമുന്നേറാൻ അവസരം ഒരുക്കുന്ന ഒരു വിദ്യാലയം നിങ്ങളുടെ സങ്കൽപ്പത്തിൽ എങ്ങനെയാണ്?

## 3. പരീക്ഷയ്ക്ക് വേണ്ടി മാത്രമാണോ പഠിക്കുന്നത്?

പരീക്ഷകൾ കുട്ടികളുടെ പഠനജീവിതത്തിന്റെ ഭാഗം തന്നെയാണ്. ഓരോ കുട്ടിയേയും കൃത്യമായി മനസ്സിലാക്കി അവരുടെ സമഗ്രമായ വികസനത്തിനായി പിന്തുണയ്ക്കുക എന്നതാണ് ഇത്തരം വിലയിരുത്തലുകളുടെ പ്രധാന ധർമ്മം.

പഠിക്കുകയെന്നാൽ പരീക്ഷയ്ക്ക് പഠിക്കുകയെന്നാണ് ഭൂരിപക്ഷമാളുകളും വിശ്വസിക്കുന്നത്. വിലയിരുത്തൽ രണ്ട് രീതിയിലാണ് നടപ്പാക്കുന്നത്. ഒന്നാമത്തെ രീതി പഠനപ്രവർത്തനങ്ങളോടൊപ്പം നടത്തുന്ന വിലയിരുത്തലുകളാണ്. രണ്ടാമത്തേത് ടേം പരീക്ഷകളും പൊതുപരീക്ഷകളുമടങ്ങിയ ആത്യന്തിക വിലയിരുത്തലുകളാണ്. ഒന്നാമത്തെ രീതിയാണ് പഠനത്തിൽ മുന്നേറുന്നതിന് ഏറെ സഹായകമാവുക. എന്നിരുന്നാലും ടേം പരീക്ഷകൾക്കും പൊതു പരീക്ഷകൾക്കുമാണ് വലിയ പ്രാധാന്യം ചിലരെങ്കിലും നൽകുന്നത്.

ഓരോ കുട്ടിയേയും കൃത്യമായി മനസ്സിലാക്കി അവരുടെ സമഗ്രമായ വികസനത്തിനായി പിന്തുണയ്ക്കുക എന്നതാണ് ഇത്തരം വിലയിരുത്തലുകളുടെ പ്രധാന ലക്ഷ്യം. മുമ്പ് ഓർമ്മപരിശോധനകൾക്കായിരുന്നു വിലയിരുത്തലുകളിൽ

പ്രാധാന്യം. എന്നാൽ ഇന്ന് നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ ക്ലാസ് റൂമുകളിൽ ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദേശങ്ങളാണ് അധ്യാപകർക്ക് നൽകിയിട്ടുള്ളത്. വിലയിരുത്തലിനൊപ്പം കുട്ടികൾക്ക് പഠിച്ചുമുന്നേറുവാൻ ആവശ്യമായ ഗുണപരമായ നിർദേശങ്ങളും അധ്യാപകർ നൽകണം. നിങ്ങൾക്കു തന്നെ നിങ്ങളുടെ പഠനനിലവാരം സ്വയം വിലയിരുത്താൻ കഴിയില്ലേ? അതോടൊപ്പം കൂട്ടുകാർക്കും വിലയിരുത്താൻ കഴിയില്ലേ? കുട്ടികളെ സമഗ്രമായി വിലയിരുത്തി അവരുടെ സവിശേഷമായ കഴിവുകൾ, സാമൂഹികപശ്ചാത്തലം, സഹായം ആവശ്യമുള്ള മേഖലകൾ തുടങ്ങിയവ രേഖപ്പെടുത്തി സമഗ്രപഠനപുരോഗതിരേഖ തയാറാക്കി നൽകണം. ഇതിലെ ഫലങ്ങൾ രക്ഷിതാക്കൾക്കൊപ്പം കുട്ടികളായ നിങ്ങളോടും ചർച്ചചെയ്യേണ്ടതില്ലേ?

പരീക്ഷകൾ ഇന്നത്തെപ്പോലെ തന്നെ തുടരാമോ? മാറ്റങ്ങൾ വേണമെങ്കിൽ എന്താണ് നിർദേശം?

പരീക്ഷകൾ വരുമ്പോൾ വലിയ തോതിലുള്ള സമ്മർദം ചില കുട്ടികൾക്കെങ്കിലും അനുഭവപ്പെടാറുണ്ട്. ഇതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്ത്? സമ്മർദം ഒഴിവാക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നാണ് നിങ്ങൾ കരുതുന്നത്? വിലയിരുത്തൽ നടത്തി പഠനത്തിൽ മുന്നേറുന്നതിന് എന്തെല്ലാം മാർഗങ്ങളാണ് നിങ്ങൾക്ക് നിർദേശിക്കാനുള്ളത്?

## 4. ഒന്നിച്ചു മുന്നേറാം

എല്ലാ കുട്ടികൾക്കും അവരുടെ കഴിവുകളും ധാരണകളും വികസിപ്പിക്കുവാൻ അവസരം നൽകുക എന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. ഇതിനുവേണ്ട അടിസ്ഥാനശേഷികൾ കുട്ടികൾ സ്വായത്തമാക്കുന്നതിന് ആവശ്യമായ പഠന സാഹചര്യങ്ങളൊരുക്കണം. സമൂഹത്തിൽ നിലനിൽക്കുന്ന വ്യത്യസ്തതയും വൈവിധ്യവും സ്കൂളുകളിലുമുണ്ട്. ഈ വ്യത്യസ്തതയെ വിദ്യാലയങ്ങളും ക്ലാസ് മുറികളും അവസരതുല്യത ഒരുക്കി പരിഗണിക്കേണ്ടതുണ്ട്.



ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും സ്കൂളുകളിലുണ്ട്. ഓരോരുത്തരുടെയും ശാരീരിക-മാനസികാവസ്ഥ വ്യത്യസ്തമാണ്. പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ സവിശേഷ പിന്തുണ ആവശ്യമുള്ളവരെയും തുല്യമായി പരിഗണിക്കും. അവർക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകുവാൻ ഓരോ കുട്ടിയേയും പ്രത്യേകം പരിഗണിക്കും. നമ്മുടെ ക്ലാസ്സിലും വ്യത്യസ്തതരം വെല്ലുവിളികൾ

നേരിടുന്ന കൂട്ടുകാർ നമ്മോടൊപ്പം പഠിക്കുന്നുണ്ട്. ഇവരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും തിരിച്ചറിഞ്ഞ് ഇവരെക്കൂടി ഉൾക്കൊണ്ടുകൊണ്ട് ഇന്ന് പഠനം നടക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഇത് നടപ്പാക്കാൻ എന്ത് നിർദേശങ്ങളാണ് നിങ്ങൾക്കുള്ളത്?


പ്രദേശത്തിന്റെ സവിശേഷതകൾ കൊണ്ടും തങ്ങൾ ഉൾപ്പെടുന്ന സമൂഹത്തിന്റെ പ്രത്യേകതകൾ കൊണ്ടും വേണ്ടത്ര അവസരം ലഭിക്കാത്ത ധാരാളം കുട്ടികൾ നമ്മുടെ സകൂളുകളിൽ ഉണ്ട്. ഗോത്രമേഖലയിൽ വസിക്കുന്ന കുട്ടികൾ ഇതിനുദാഹരണമാണ്. പലപ്പോഴും സ്കൂൾ അന്തരീക്ഷം ഈ കുട്ടികളെ പൂർണമായും ഉൾക്കൊള്ളുന്നില്ല. അവരുടെ മാതൃഭാഷ ഉൾക്കൊണ്ടുള്ള പഠനരീതി ഇനിയും കൈവരിക്കാനായിട്ടില്ല. സാമൂഹികമായും സാമ്പത്തികമായും വ്യത്യസ്തരായ എല്ലാ കുട്ടികൾക്കും പ്രായത്തിനനുസരിച്ചും ഓരോരുത്തരുടേയും കഴിവിനനുസരിച്ചും പഠനലക്ഷ്യങ്ങൾ നേടാൻ കഴിയണം. ഇതിന് അനുയോജ്യമായ രീതിയിൽ വിദ്യാലയങ്ങൾ എങ്ങനെയെല്ലാം മാറണം? സ്വന്തം കഴിവുകൾ പ്രകാശിപ്പിക്കാൻ അവസരം ലഭിക്കുന്നുണ്ടോ? എല്ലാ കുട്ടികളുടെയും കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളത്? തുല്യപരിഗണന ഉറപ്പിക്കുന്നതിനൊപ്പം എന്തെല്ലാം സവിശേഷമായ പിന്തുണ നൽകിയാൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് മുന്നേറാൻ കഴിയും? അവസരതുല്യത ഉറപ്പുവരുത്തുവാൻ സ്കൂളുകൾ എങ്ങനെ മാറണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്ന് ലിംഗപരമായ സവിശേഷതയാൽ ഒരാളെയും മാറ്റിനിർത്താൻ പാടില്ല. മുൻപ് ആൺ-പെൺ വിഭാഗങ്ങളെ പരിഗണിച്ചു മാത്രമാണ് ലിംഗനീതിയെക്കുറിച്ച് ചർച്ച ചെയ്തിരുന്നത്. എന്നാൽ ട്രാൻസ്ജെൻഡർ അടക്കമുള്ള എല്ലാ ലിംഗവിഭാഗങ്ങളെയും പരിഗണിച്ചാവണം ഇനിയുള്ള കാലത്തെ വിദ്യാഭ്യാസം. സമൂഹത്തിന്റെ എല്ലാ മേഖലകളിലും അർഹമായ മുന്നേറ്റം എല്ലാ വിഭാഗങ്ങൾക്കും സാധ്യമാകുന്നതിന് ഇതിലൂടെ മാത്രമേ കഴിയൂ. എല്ലാ കുട്ടികൾക്കും തുല്യ അവസരം ഒരുക്കുന്നതിന് ഇന്നത്തെ സ്കൂൾ അന്തരീക്ഷത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ? അത് മറികടക്കാൻ എന്താണ് ചെയ്യേണ്ടത്?

## 5. പഠനത്തിന് സാങ്കേതികവിദ്യ

ഒരു കാര്യം പഠിക്കുന്നത് എളുപ്പമാക്കുന്നതിനും ഫലപ്രാപ്തി വർധിപ്പിക്കുന്നതിനും പല മാർഗങ്ങൾ നമ്മൾ ഉപയോഗിക്കാറുണ്ട്. അനുയോജ്യമായ പഠനോപകരണങ്ങളുടെ സഹായത്തോടെ പഠിക്കുന്നത് ഇതിനുദാഹരണമാണ്. വിദ്യാഭ്യാസ





സാങ്കേതികവിദ്യയിൽ ഇന്ന് വലിയ പ്രാധാന്യം ഐ.സി.ടി. (വിവര വിനിമയ സാങ്കേതിക വിദ്യ) ക്കാണ്. ഐ.സി.ടി. ഒരു പ്രത്യേക വിഷയമായി ഹൈസ്കൂൾ ക്ലാസുകളിലുണ്ട്. അതോടൊപ്പം വ്യത്യസ്ത വിഷയങ്ങളുടെ പഠനത്തിനും മൂല്യനിർണയത്തിനുമെല്ലാം ഇന്ന് ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ ഹൈസ്കൂൾ ഹയർ സെക്കന്ററി ക്ലാസുകളിലെല്ലാം ഐ.സി.ടി. സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്കൂളുകളിൽ ഒരുക്കിയ സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി പഠനത്തിന് ഉപയോഗപ്പെടുത്താൻ എന്തെല്ലാം നിർദേശങ്ങളാണ് നിങ്ങൾക്കുള്ളത്?

വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പുതിയ പഠനരീതി കോവിഡ് കാലം നമുക്ക് ലഭ്യമാക്കി. അതിനുശേഷമാകട്ടെ സാങ്കേതികവിദ്യയും അതോടൊപ്പം ക്ലാസ്മുറിയിലെ പഠനവും ചേർന്നുള്ള മിശ്രപഠനരീതിയാണ് നടക്കുന്നത്. പഠനത്തിൽ ഓൺലൈൻ സാധ്യതകൾ തുടർന്നും ഉപയോഗിക്കുന്നതിനെക്കുറിച്ച് നിങ്ങൾക്കുള്ള നിർദേശങ്ങളും അഭിപ്രായങ്ങളും എന്താണ്?

കുട്ടികൾക്ക് പഠനസഹായിയായി മൊബൈൽ ഫോൺ നൽകുന്നത് ഗുണകരമല്ല എന്ന അഭിപ്രായമുള്ളവരും ഉണ്ട്. വിവരവിനിമയ സാങ്കേതികവിദ്യ ഒരുക്കുന്ന സൗകര്യങ്ങൾക്കൊപ്പം അതൊരുക്കുന്ന ചതിക്കുഴികളുമുണ്ട്. വിവേകപൂർണമായി ഇത്തരം സാങ്കേതികവിദ്യയുടെ സൗകര്യങ്ങൾ കുട്ടികൾ ഉപയോഗിക്കേണ്ടതെങ്ങനെ? സ്വയംപഠനത്തിനായി ഇത്തരം സാങ്കേതികമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?



ക്ലാസുകളിൽ വ്യത്യസ്തതരം പിന്നാക്കാവസ്ഥ അനുഭവപ്പെടുന്നവർക്ക് പഠനത്തിൽ മുന്നേറുന്നതിന് ഇത്തരം ഉപകരണങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താം?

പഠനപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾക്ക് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ അവസരം നൽകണം. അതിലൂടെ നിങ്ങളുടെ ഡിജിറ്റൽ സാക്ഷരതയും അറിവുനിർമ്മാണവും ഒരേസമയം സാധ്യമാകും. ഇതിനായി നിലവിൽ എന്തെല്ലാം പഠന ഉപാധികൾ, സാമഗ്രികൾ പ്രയോജനപ്പെടുത്താൻ കഴിയും? ഇത്തരത്തിലുള്ള സാമഗ്രികൾ കുട്ടികൾ ഉപയോഗിക്കുമ്പോൾ മുതിർന്നവർ ചില ആശങ്കകൾ പങ്കുവയ്ക്കാറുണ്ട്. അവയെ പരിഹരിക്കാൻ നിങ്ങൾക്കുള്ള അഭിപ്രായങ്ങൾ പറയാമോ?

## 6. നമ്മുടെ സ്കൂൾ

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വ്യാപനത്തിൽ നമ്മുടെ കേരളം മുൻപന്തിയിലാണ്. ഭൂരിപക്ഷം കുട്ടികൾക്കും നടന്നെത്താവുന്ന ദൂരത്തിൽ വിദ്യാലയങ്ങളുണ്ട്. സ്കൂളുകളുടെ ഭൗതിക സാഹചര്യവും പൊതുവിൽ മെച്ചപ്പെട്ടതാണ്. എല്ലാ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. സ്കൂളുകളുടെ ഭരണപരമായ നേതൃത്വത്തിന് ഇതിൽ പ്രധാന പങ്കുവഹിക്കാൻ കഴിയും. ഔദ്യോഗിക സംവിധാനങ്ങൾക്കൊപ്പം വിദ്യാർഥികളെയും രക്ഷിതാക്കളെയും സമൂഹത്തെയും സ്കൂൾ ഭരണസംവിധാനത്തിന്റെ നേതൃത്വ പദവിയിലേക്ക് ഉൾപ്പെടുത്തണം.

നിങ്ങളുടെ വിദ്യാലയത്തെ മികച്ച വിദ്യാലയമാക്കി മാറ്റുന്നതിന് നിർദേശങ്ങൾ എന്തെല്ലാം?

സ്കൂൾ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നതിന് നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? സ്കൂൾ ഭരണനിർവഹണത്തിൽ രക്ഷാകർത്താക്കളെ എങ്ങനെ ഉൾപ്പെടുത്താം? കുട്ടികളുടെ നേതൃത്വപരമായ പങ്ക് വികസിപ്പിക്കുന്നതിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കേണ്ടത്? സ്കൂൾ പാർലമെന്റ്, ബാലസഭകൾ എന്നിവയിലൂടെ ജനാധിപത്യ പരിശീലനമാണ് നടക്കേണ്ടത്. സ്കൂൾ പാർലമെന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാമാണ് നിങ്ങളുടെ നിർദേശങ്ങൾ? ജീവിതത്തിലുടനീളം ജനാധിപത്യപരമായ രീതി പിന്തുടരുവാൻ ഇത്തരം വേദികൾക്ക് പ്രധാന പങ്ക് വഹിക്കാനുണ്ട്. സ്കൂൾ ഭരണനിർവഹണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഇവയെ എങ്ങനെയെല്ലാം ഫലപ്രദമായി പ്രയോജനപ്പെടുത്താം?

പാഠപുസ്തകം ഉൾപ്പെടെ നിരവധി പഠനസാമഗ്രികളാണ് നമ്മൾ ഇന്ന് വിദ്യാലയത്തിൽ ഉപയോഗിക്കുന്നത്. കുട്ടികളുടെ വ്യക്തിപരമായ കഴിവുകൾ, അഭിരുചികൾ, നൈപുണികൾ എന്നിവ ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ കഴിയുന്ന പഠനസാമഗ്രികൾ, ഉപകരണങ്ങൾ, കലാ-കായിക പ്രവർത്തനങ്ങൾ എന്നിവയെല്ലാം



പഠനത്തിന്റെ ഭാഗമാകണം. ഈ രംഗത്ത് കുട്ടികൾക്കുള്ള പങ്ക് വർധിപ്പിക്കുവാൻ എന്തെല്ലാം നിർദേശങ്ങളാണുള്ളത്? കുട്ടികളുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന പഠനസാമഗ്രികൾ എങ്ങനെയാണ് ക്ലാസ്മുറികളിൽ ഉപയോഗിക്കേണ്ടത്?

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഏറെപ്പേരും ഉന്നത വിദ്യാഭ്യാസത്തിന് പോകാൻ ആഗ്രഹിക്കുന്നവരാണ്. തുടർന്ന് പഠിക്കേണ്ടത് എങ്ങനെ എന്നതിൽ ആശയങ്ങൾ രൂപപ്പെടുത്തുന്നതിന് ഇന്ന് സ്കൂളിന് എന്തെങ്കിലും പങ്കുവഹിക്കാൻ കഴിയുന്നുണ്ടോ? സ്കൂൾ പഠനത്തിന്റെ ഭാഗമായിതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രോഗ്രാമുകളെ പരിചയപ്പെടുത്താനും വിവിധ തൊഴിൽ മേഖലകളെ ആഴത്തിൽ അറിയാനും പ്രത്യേക സംവിധാനങ്ങൾ ഒരുക്കേണ്ടതില്ലേ? വിദ്യാഭ്യാസത്തിനുശേഷം ആരായിത്തീരണം എന്ന നിങ്ങളുടെ സങ്കൽപ്പത്തെ മുന്നോട്ടുനയിക്കുന്നതിൽ വിദ്യാലയത്തിൽ നിന്നും എന്തെല്ലാം പിന്തുണയാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

സ്കൂൾവിദ്യാഭ്യാസത്തിന്റെ വളർച്ചയിലും വികാസത്തിലും നമ്മുടെ സമൂഹത്തിന് വലിയ പങ്കുവഹിക്കാനുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി മികച്ച വിദ്യാഭ്യാസ അന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ ഇന്നലെകളിൽ നടന്ന സാമൂഹിക ഇടപെടലുകൾമൂലം കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സ്കൂൾ പിടിഎ, മാനേജ്മെൻറ് കമ്മിറ്റി, വികസനസമിതി, മദർ പി.ടി.എ., പൂർവാധ്യാപക, വിദ്യാർഥി സംഘടനകൾ എന്നിങ്ങനെ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട വിവിധ സമിതികൾ ഇന്ന് നിലവിലുണ്ട്. ഇവയിലൂടെ പ്രാദേശിക സമൂഹത്തിന്റെ ക്രിയാത്മകമായ ഇടപെടലുകൾ വിദ്യാഭ്യാസ രംഗത്ത് എങ്ങനെയെല്ലാം നിർവഹിക്കാൻ കഴിയും?

നമ്മുടെ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട ജനകീയസമിതികളിൽ വിദ്യാർഥി പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുണ്ടോ? മികച്ച വിദ്യാലയം രൂപപ്പെടുത്തുന്നതിൽ വിദ്യാർഥി പ്രാതിനിധ്യം എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം? നിങ്ങളുടെ നിർദേശങ്ങൾ പറയാമോ?

## 7. പ്രയാസങ്ങളിൽ പതറാതെ

ഏതു സാഹചര്യത്തേയും നേരിടാനും ഉൾക്കൊള്ളാനും സ്കൂൾ വിദ്യാഭ്യാസം നമ്മളെ പ്രാപ്തരാക്കേണ്ടതുണ്ട്. സമൂഹത്തിന്റെ ഭാഗമായ വിദ്യാലയങ്ങളിൽ സമൂഹത്തിലെ പ്രശ്നങ്ങൾ അനുഭവപ്പെടുക സാധാരണമാണ്. ഒപ്പം സ്കൂൾ പ്രായത്തിൽ അനുഭവിക്കുന്ന മാനസിക-ശാരീരിക-സാമൂഹ്യ പഠനപ്രശ്നങ്ങളുമുണ്ട്. അനാവശ്യ കാര്യങ്ങൾ തിരസ്കരിക്കാനുള്ള ധൈര്യം നേടൽ, പ്രശ്നങ്ങൾക്ക് സ്വയം പരിഹാരം കണ്ടെത്താനാവുന്ന കഴിവ് വളർത്തൽ, തെറ്റായ കാര്യങ്ങളെ ചോദ്യം ചെയ്യൽ എന്നിവയെല്ലാം സ്കൂൾ പഠനത്തിന്റെ



ഭാഗമായി ലഭിക്കണം. പഠനത്തിന്റെയും ജീവിതത്തിന്റെയും വിവിധ ഘട്ടങ്ങളിൽ കുട്ടികൾക്ക് പിന്തുണയും മാർഗനിർദേശവും നൽകുന്നതിനോടൊപ്പം നേരിടുന്ന വെല്ലുവിളികൾ സ്വയം മറികടക്കാൻ അവരെ പ്രാപ്തരാക്കുകയും വേണം. വിദ്യാർഥികളുടെ സർവതോന്മുഖമായ വികാസത്തിന് സഹായിക്കുന്ന ഗൈഡൻസ്, കൗൺസിലിംഗ് സേവനങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കേണ്ടതുണ്ട്. കോവിഡ് കാലഘട്ടത്തിനുശേഷം വിദ്യാർഥികളുടെ മൊബൈൽ, ഇൻറർനെറ്റ് അമിത ഉപയോഗത്തെക്കുറിച്ച് വ്യാകുലപ്പെടുന്നവർ ഏറെയാണ്. ഇതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? ശരിയായ വിധത്തിൽ ഇവ ഉപയോഗിക്കുന്നതിന് എന്തെല്ലാം നിർദേശങ്ങളാണ് നിങ്ങൾക്ക് നൽകാനുള്ളത്?

സ്കൂൾ പഠനവുമായോ ജീവിതത്തിന്റെ മറ്റെന്തെങ്കിലും ബുദ്ധിമുട്ടുകളുമായോ ബന്ധപ്പെട്ട് എപ്പോഴെങ്കിലും അധികസഹായം, നിർദേശങ്ങൾ, പരിഗണന എന്നിവ വേണമെന്ന് നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? ഇത്തരമൊരു സന്ദർഭത്തിൽ ആരിൽ നിന്നെല്ലാം നിങ്ങൾ സഹായം തേടാറുണ്ട്? രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഇടപെടലിൽ എന്ത് മാറ്റം വരണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വർധിച്ചുവരുന്ന ഒരു സമൂഹത്തിലാണ് നമുക്ക് ജീവിക്കേണ്ടിവരുന്നത്. ഇവ ഒഴിവാക്കാനും അവയ്ക്കെതിരായ മനോഭാവം വളർത്താനുമുള്ള പ്രവർത്തനങ്ങൾ പഠനത്തിന്റെ ഭാഗമാകണം.

സ്കൂളുകളിൽ മദ്യപാനം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെയുള്ള മനോഭാവം വളർത്തുന്നതിനും സ്കൂളിനെ ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളുടെ വേദിയാക്കുന്നതിനെക്കുറിച്ചും നിങ്ങൾക്കുള്ള അഭിപ്രായം എന്താണ്? ലഹരി വിരുദ്ധ മനോഭാവം എല്ലാ കുട്ടികളിലും സൃഷ്ടിക്കുവാൻ പാഠപുസ്തകത്തിലും പാഠ്യപദ്ധതിയിലും എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?



ഓരോ കുട്ടിയുടെയും പ്രയാസങ്ങളും പ്രശ്നങ്ങളും തിരിച്ചറിഞ്ഞ് അവ പരിഹരിച്ച് സന്തോഷകരമായ സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വിദ്യാലയങ്ങൾ എങ്ങനെ മാറേണ്ടതുണ്ട്? നിലവിൽ സന്തോഷകരമായ സ്കൂൾ അന്തരീക്ഷത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ ഏതെല്ലാം? അവ എങ്ങനെ മാറണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

## 8. ശാസ്ത്രവിദ്യാഭ്യാസം



സ്വന്തം അനുഭവങ്ങളിലൂടെയും പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രവസ്തുതകൾ, ആശയങ്ങൾ, തത്ത്വങ്ങൾ, പ്രക്രിയകൾ എന്നിവ നേടലാണ് ശാസ്ത്രപഠനത്തിലൂടെ നടക്കുന്നത്. അന്വേഷണാത്മക പഠനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ശാസ്ത്രാവബോധം വളർത്താനും ശാസ്ത്രീയരീതി അഭ്യസിപ്പിക്കാനുമാണ് ശാസ്ത്രവിദ്യാഭ്യാസം സ്കൂൾ പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. തെളിവുകളുടെ അടിസ്ഥാനത്തിൽ കാര്യകാരണബന്ധം കണ്ടെത്തി പ്രശ്നപരിഹരണം സാധ്യമാക്കുന്നത് ശാസ്ത്രപഠനത്തിലൂടെയാണ്. തെറ്റുകൾ തിരിച്ചറിഞ്ഞ് തിരുത്തിയും ചർച്ചചെയ്തും കൂടുതൽ ശരിയിലേക്ക് എത്തുന്ന വിമർശനചിന്തയും ഇതിലൂടെ വളരണം. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുകയും ശാസ്ത്രത്തെ ചൂഷണത്തിനായി വിനിയോഗിക്കുകയും ചെയ്യുന്ന തെറ്റായ പ്രവണതയ്ക്കെതിരെ നിലപാട് എടുക്കേണ്ടതില്ലേ? ഇതിന് നിലവിലെ ശാസ്ത്രപഠനം എത്രമാത്രം സഹായകരമാണ്.

നിലവിൽ ശാസ്ത്ര ക്ലാസ്മുറികളിൽ പരീക്ഷണങ്ങളിലും അന്വേഷണങ്ങളിലും ഏർപ്പെടാൻ വേണ്ടത്ര അവസരം ലഭിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അവ പരിഹരിക്കുന്നതിന് എന്ത് നിർദേശങ്ങളാണുള്ളത്?

ശാസ്ത്രം പഠിക്കുന്നവർ തന്നെ ശാസ്ത്രത്തെ നിരാകരിക്കുന്ന തെറ്റായ കാര്യങ്ങൾ ചെയ്യേണ്ടി വരുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ടാവാം?

നിലവിലുള്ള ശാസ്ത്രപുസ്തകങ്ങൾ എങ്ങനെയെല്ലാം മാറണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? വിശദീകരിക്കാമോ?

നിങ്ങളുടെ ക്ലാസുമുറികളിൽ അന്വേഷണാത്മക പഠനത്തിന്റെ ഭാഗമായി പ്രൊജക്റ്റ്, സെമിനാർ, ഫീൽഡ്ട്രിപ്പ് എന്നിവ നടക്കാറുണ്ടോ? ഇത്തരം പ്രവർത്തനങ്ങളിൽ എന്ത് മാറ്റമാണ് നിർദേശിക്കാനുള്ളത്?

## 9. കലകൾക്കൊപ്പം പഠിക്കാം

പഠനത്തിൽ കലകൾക്ക് വലിയ പ്രാധാന്യമുണ്ട്. വ്യത്യസ്ത കലകളെ വ്യത്യസ്ത വിഷയങ്ങളിൽ ഉദ്ഗ്രഥിച്ച് പഠിക്കുന്നതിനും കലാവിഷയങ്ങൾ പ്രത്യേകമായി

പഠിക്കുന്നതിനും കുട്ടികൾക്ക് അവസരം ലഭിക്കണം. ഓരോരുത്തരിലുമുള്ള കലാപരമായ കഴിവുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും കഴിയണം.

വിദ്യാഭ്യാസം എന്നാൽ കുട്ടിയുടെ സമഗ്രവികസനമാണ്. കലാവിദ്യാഭ്യാസത്തിന്റെ ആവശ്യകത ഓരോ ദിനവും ഏറിവരുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ പാഠപുസ്തകങ്ങളിലും ഇത്തരം മാറ്റങ്ങൾ അനിവാര്യമാണ്.

കലാവിദ്യാഭ്യാസത്തിനായി നമ്മുടെ ക്ലാസ്മുറികളിലും സ്കൂളിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉണ്ടാവേണ്ടത്?

ഓരോ കുട്ടിയുടെയും കഴിവുകൾ വ്യത്യസ്തമാണ്. കലാപരമായ കഴിവുകൾ ഉണ്ടായിട്ടും അത് പരിശീലിക്കാൻ സാഹചര്യം ലഭിക്കാതെ വരുന്ന കുട്ടികളും നമുക്കിടയിലുണ്ട്. അത്തരം കുട്ടികൾക്ക് എന്തെല്ലാം കാര്യങ്ങളാണ് സ്കൂളിൽ നിന്നും ലഭിക്കേണ്ടതെന്ന് നിർദേശിക്കാമോ?

മറ്റു വിഷയങ്ങളും കലയും തമ്മിൽ ബന്ധിപ്പിച്ചു പഠനം നടത്തിയാൻ വിവിധ നിലവാരക്കാരായ കുട്ടികൾക്ക് ഗുണകരമാകുമോ? എങ്ങനെ?

## 10. കായികവിദ്യാഭ്യാസം

സമഗ്രവികസനത്തിനായി ഒരുക്കുന്ന പാഠ്യപദ്ധതിയിൽ എല്ലാവർക്കും കായികക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഉണ്ടാകണം. കുട്ടികൾക്ക് അനുയോജ്യവും ആസ്വാദ്യകരവുമായ കായികയിനങ്ങൾ തിരഞ്ഞെടുക്കുന്നതിനും പരിശീലിക്കുന്നതിനും പങ്കെടുക്കുന്നതിനും മികച്ച പ്രകടനം നടത്തുന്നതിനും അവസരമുണ്ടാകണം. കായിക വിദ്യാഭ്യാസത്തിനായി നീക്കിവച്ചിരിക്കുന്ന സമയം കൂടി മറ്റ് വിഷയങ്ങൾ പഠിപ്പിക്കുവാൻ ഇന്ന് ഉപയോഗിക്കാറുണ്ടോ?

വിദ്യാലയങ്ങളിൽ കായികവിദ്യാഭ്യാസം ഉറപ്പാക്കുവാൻ നിങ്ങൾക്കുള്ള നിർദേശങ്ങൾ എന്തെല്ലാം?

ഡിജിറ്റൽ മാധ്യമങ്ങളുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുവാൻ കായിക പ്രവർത്തനങ്ങൾക്ക് കഴിയുമെന്നു കരുതുന്നുണ്ടോ? എങ്ങനെ?

## 11. പരിസ്ഥിതിയെ പഠിക്കാം

നാം ജീവിക്കുന്ന, നമ്മുടെ ചുറ്റുപാടിനെക്കുറിച്ചുള്ള പഠനമാണ് പരിസ്ഥിതി പഠനം. പരിസ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ എന്നും അത്ഭുതം നൽകുന്നതാണ്. ഭാവി തലമുറയ്ക്കുവേണ്ടി പരിസ്ഥിതിയെ നിലനിർത്താൻ ഇനിയും നാം ഒരുപാട് മുന്നോട്ട് പോകേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണവും അതിന്റെ പ്രാധാന്യവും എന്താണ്? എങ്ങനെ വേണം? ഇവ നാം ഓരോരുത്തരും അറിഞ്ഞിരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിസ്ഥിതിപഠനം നമ്മുടെ പാഠ്യപദ്ധതിയുടെ ഭാഗമാക്കി മാറ്റിയത്.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് നിലവിലുള്ള പുസ്തകങ്ങൾ പര്യാപ്തമാണോ? മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ



എന്തെല്ലാം? പ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിന് പുതുതലമുറയെ പ്രാപ്തമാക്കുന്നതിന് പാഠ്യപദ്ധതിയിൽ പരിഗണിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

പരിസ്ഥിതി ഒരു പാഠശാല എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജൈവവൈവിധ്യ ഉദ്യാനത്തിന്റെ നിങ്ങളുടെ വിദ്യാലയത്തിലെ സ്ഥിതി എന്താണ്? ജൈവവൈവിധ്യ ഉദ്യാനം ഉപയോഗപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും?

നിങ്ങളുടെ പ്രദേശത്ത് അനുഭവപ്പെടുന്ന ഒരു പരിസ്ഥിതിപ്രശ്നം ക്ലാസ്മുറിയിൽ ചർച്ച ചെയ്യുവാൻ അവസരം ലഭിച്ചിട്ടുണ്ടോ? അങ്ങനെ ചെയ്താലുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്?

## 12. ഗണിതം മധുരം

നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ നാമെല്ലാം ഗണിതപരമായ കഴിവ് പ്രയോജനപ്പെടുത്താറുണ്ട്. നമ്മുടെ ആവശ്യത്തിനനുസരിച്ച് പലതരം ഗണിതപ്രശ്നങ്ങൾ നാം അറിഞ്ഞുമറിയാതെയും ആസ്വദിച്ചു ചെയ്യാറുണ്ട്. ക്ലാസ് മുറിയിൽ എത്തുമ്പോൾ പലപ്പോഴും ഗണിതം വിദ്യാർഥികളിൽ ഒരു പേടിയായി മാറുന്നതും കാണാം. പുതിയ പാഠ്യപദ്ധതി രൂപീകരിക്കുകയും അതിനനുസൃതമായി പാഠപുസ്തകം മാറുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ ഗണിതം കുട്ടികൾക്ക് കൂടുതൽ താൽപ്പര്യത്തോടെ പഠിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിർദേശിക്കാനുള്ളത്?


നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന ഗണിതപരമായ കഴിവുകൾ ക്ലാസ് മുറികളിൽ ഉപയോഗിക്കാൻ എന്തെല്ലാം സാധ്യതകളാണുള്ളത്? അത് ഉപയോഗപ്പെടുത്താൻ എന്തെങ്കിലും നിർദേശങ്ങൾ നൽകാമോ?

ഗണിതപാഠപുസ്തകം ആകർഷകമാക്കുവാൻ നിങ്ങൾക്ക് എന്തെങ്കിലും നിർദേശങ്ങൾ ഉണ്ടോ?

ഗണിതപഠനത്തിനായി ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ് വിവരസാങ്കേതികവിദ്യ. വിവരസങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഗണിതപഠനം എളുപ്പമാക്കാം എന്ന് കരുതുന്നുണ്ടോ? എന്തുകൊണ്ട്?

## 13. സാമൂഹ്യശാസ്ത്രം

നമുക്ക് ചുറ്റുമുള്ള സമൂഹത്തെയും മനുഷ്യ പുരോഗതിയുടെ വളർച്ചയെയും വികാസത്തെയും വിശകലനം ചെയ്യുന്നതിനും സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗികമായ പരിഹാരങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനും സഹായിക്കുന്ന



വിജ്ഞാന ശാഖയാണ് സാമൂഹ്യശാസ്ത്രം. ഇതിന്റെ പഠനം ഏഴാം ക്ലാസ് വരെ ഒരു വിഷയമായിട്ടാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ എത്തുമ്പോൾ സാമൂഹ്യ ശാസ്ത്രം വ്യത്യസ്ത വിഷയങ്ങളായിട്ടാണല്ലോ പഠിക്കുന്നത്. മാനവികത, ജനാധിപത്യബോധം, സ്വാതന്ത്ര്യബോധം, സമത്വം, സഹിഷ്ണുത, സംഘബോധം, സാഹോദര്യം, ശാസ്ത്രീയ മനോഭാവം, വിമർശനാത്മകചിന്ത എന്നിവയെല്ലാം രൂപപ്പെടുന്നതിൽ സാമൂഹ്യശാസ്ത്രപഠനത്തിന് പ്രധാന പങ്കാണ് നിർവഹിക്കാനുള്ളത്.

സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ആശയങ്ങൾ നേടിയ എല്ലാവർക്കും സമൂഹത്തിൽ അത് പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ നേരിടുന്ന തടസ്സങ്ങൾ എന്താണ്? അത് മറികടക്കുവാൻ വിദ്യാർഥികൾ എന്ന നിലയിൽ എന്തെല്ലാം നിർദേശങ്ങളാണ് പങ്കുവയ്ക്കാനുള്ളത്?

സാമൂഹ്യശാസ്ത്രപഠനത്തിലൂടെ എല്ലാ കുട്ടികളിലും ഭരണഘടനാമൂല്യങ്ങൾ വളർത്തിക്കൊണ്ടുവരാൻ കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ എല്ലാ കുട്ടികളിലും മതേതരത്വം, ജനാധിപത്യം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾ ഉറപ്പുവരുത്തുവാൻ സ്കൂൾതലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണമെന്നാണ് ആഗ്രഹിക്കുന്നത്?

കുറെ കുട്ടികൾക്കെങ്കിലും പ്രയാസമുള്ള വിഷയമായി ഇന്ന് സാമൂഹ്യശാസ്ത്രം മാറിയിട്ടുണ്ട്. എന്തുകൊണ്ടാവാം അത്? അത് പരിഹരിക്കുവാൻ നിർദ്ദേശങ്ങൾ പറയാമോ?

സാമൂഹ്യശാസ്ത്ര പുസ്തകങ്ങളുടെ ഉള്ളടക്കത്തെക്കുറിച്ച് പൊതുവേ കുട്ടികൾക്ക് പരാതിയുണ്ട്. സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളുടെ ഉള്ളടക്കം കുറയ്ക്കണമെന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?

ക്ലാസ് മുറികളിൽ നിന്ന് പുറത്തേക്കിറങ്ങിയുള്ള പഠനയാത്രകൾ, സംവാദങ്ങൾ, സെമിനാറുകൾ എന്നിങ്ങനെ വ്യത്യസ്തമായ പഠനതന്ത്രങ്ങൾ സ്വീകരിക്കുന്നത് നന്നാവുകയില്ലേ? അത്തരം അനുഭവങ്ങൾ പങ്കുവയ്ക്കാമോ?

## 14. തൊഴിൽ

പഠനത്തിന്റെ പ്രധാനലക്ഷ്യം തൊഴിൽ അല്ലെങ്കിലും ഉചിതമായതും അഭിരുചിക്കനുസരിച്ചും തൊഴിൽ നേടുന്നതിനും വിദ്യാഭ്യാസത്തിലൂടെ കഴിയണം.

ഓരോ തൊഴിലിനും അതിന്റേതായ ഒരിടം നമ്മുടെ സമൂഹജീവിതത്തിൽ ഉണ്ട്. ഏത്

തൊഴിലിനെയും ബഹുമാനിക്കാനുള്ള പഠനാനുഭവങ്ങളാണ് തൊഴിൽ പഠനത്തിലൂടെ ലഭിക്കേണ്ടത്. വിദ്യാലയത്തിന് അകത്തുനിന്നും പുറത്തുനിന്നുമായി ലഭിക്കുന്ന അനുഭവങ്ങൾ അത്തരം മനോഭാവം വളർത്തിയെടുക്കാൻ സഹായമാകണം.

ദൈനംദിന ജീവിതത്തിൽ അവശ്യംവേണ്ട തൊഴിൽ നൈപുണികൾ നേടാൻ നിലവിലെ സ്കൂൾ വിദ്യാഭ്യാസത്തിലുള്ള സാധ്യതകൾ എത്രമാത്രമാണ്?

നിലവിലെ സ്കൂൾപഠനം എല്ലാത്തരം തൊഴിലിനോടും ബഹുമാനപൂർവം ഇടപെടുന്നതിന് സഹായകമാകാനുള്ള നിർദേശങ്ങൾ എന്തെല്ലാം?

തൊഴിലിനോട് ആഭിമുഖ്യം വളർത്തുവാൻ എന്തെല്ലാം പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ ഒരുക്കാം?

പഠനത്തിന്റെ ഭാഗമായി വിവിധ തൊഴിലുകൾ പരിചയപ്പെടുന്നതും പരിശീലിക്കുന്നതും ഗുണകരമാണോ? വിശദീകരിക്കുക.

## 15. ഭാഷ

സമർഥമായ രീതിയിൽ ഭാഷ പ്രയോഗിക്കാനുള്ള കഴിവ് സമ്പാദിക്കുകയാണ് ഭാഷാപഠനത്തിന്റെ ആത്യന്തികലക്ഷ്യം. എല്ലാ മനുഷ്യനിലും ഭാഷ ആർജിച്ചെടുക്കാനുള്ള കഴിവുണ്ട്. ഭാഷ ഉപയോഗിക്കാത്ത ഒരു ദിനംപോലും നമ്മുടെ ജീവിതത്തിൽ ഉണ്ടാവുകയില്ല. സ്കൂളുകളിൽ ഇന്ന് വ്യത്യസ്ത ഭാഷകൾ പഠിക്കാനുള്ള അവസരമുണ്ട്. എഴുത്ത്, വായന എന്നതിനപ്പുറം സർഗാത്മകമായ ഇടപെടലുകളിലേക്ക് ഭാഷാപഠനം വികസിക്കേണ്ടതുണ്ട്.

വിവിധ ഭാഷകൾ നാം പഠിക്കുന്നുണ്ടെങ്കിലും നിത്യജീവിതത്തിൽ അവയൊക്കെ ശരിയാംവിധം ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാണ്?

നിലവിൽ ഭാഷകൾ പഠിക്കുമ്പോൾ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? അത് പരിഹരിക്കാൻ നിങ്ങൾക്കുള്ള നിർദേശങ്ങൾ എന്തെല്ലാം?

ഒരു വിഷയം എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും മനസിലുള്ള ആശയങ്ങൾ വ്യക്തമായി പ്രകടിപ്പിക്കുന്നതിനും ഏതു ഭാഷയാണ് കൂടുതൽ നല്ലത്?

പഠിക്കുന്നതിനുള്ള മാധ്യമമായി ഏതു ഭാഷ ഉപയോഗിക്കണമെന്നാണ് നിങ്ങൾക്ക് തോന്നുന്നത്? ആശയം ഉൾക്കൊണ്ട് കൂടുതൽ സർഗാത്മകമായി പ്രവർത്തിക്കുവാൻ ഏത് ഭാഷയിലൂടെ പഠിക്കുന്നതാണ് നല്ലത്? എന്തുകൊണ്ട്?

